പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2889 20.12.2012-ൽ മറുപടിക്ക്.

## പ്രീപ്രൈമറി അധ്യാപികമാർക്കും ആയമാർക്കും ശമ്പളം വർദ്ധിപ്പിച്ച് നൽകുന്നത് സംബന്ധിച്ച്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ: | ശ്രീ.പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

---

| | |
|---|---|
| (എ) സംസ്ഥാനത്ത് സർക്കാർ സ്കൂളുകളിൽ പ്രീ പ്രൈമറി അധ്യാപികമാർ ആയമാർ എന്നിവർക്ക് ശമ്പളം നൽകുവാൻ ഹൈക്കോടതി നൽകിയ നിർദ്ദേശം പാലിക്കാൻ സർക്കാർ നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) കോടതി ഉത്തരവ് പ്രകാരം വേതനം വർദ്ധിപ്പിച്ച് നൽകുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. |
| (ബി) സ്വീപ്പർമാരെക്കാളും അധ്യാപകർക്ക് കുറഞ്ഞ ശമ്പളം നൽകുന്നത് നിർഭാഗ്യകരമാണെന്നും അതിനാൽ കൂടുതൽ തുക ശമ്പളമായി നൽകണമെന്നും ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ; | (ബി) കോടതി ഉത്തരവുകളിൽ ഇത്തരത്തിൽ പരാമർശിച്ചിട്ടുള്ളതായി കാണുന്നില്ല. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ എന്തു തുകയാണ് അധ്യാപികമാർക്കും ആയ മാർക്കും നൽകുവാൻ ഹൈക്കോടതി നിർദ്ദേശിച്ചത് എന്ന് വ്യക്തമാക്കുമോ; | (സി) | യോഗ്യതയുള്ള പ്രീ പ്രൈമറി അധ്യാപകർക്ക് 5000/ രൂപയും ആയമാർക്ക് 3500/ രൂപയും വീതം നൽകാനാണ് ഉത്തരവായിട്ടുള്ളത്. |
| (ഡി) | പത്ത് മിനിട്ടിനുള്ളിൽ തീർക്കേണ്ട ഈ വിഷയം കോടതികളിൽ എത്തിച്ച് തീരുമാനം നീട്ടുന്നത് ശരിയല്ല എന്ന് കോടതി വിമർ ശിച്ചിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഇതു സംബന്ധിച്ച ഹൈക്കാടതിയുടെയും സുപ്രീം കോടതിയുടെയും വിധിയുടെ പകർപ്പ് ലഭ്യമാക്കുമോ | (ഇ) | പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (എഫ്) | പ്രീ പ്രൈമറി അധ്യാപകർക്കും ആയമാർക്കും ശമ്പളം നൽകുന്നത് സംബന്ധിച്ച് വിവിധ കോടതികളിൽ സർക്കാർ കേസ്സുമായി പോയതുവഴി എന്തു തുക ചെലവായി എന്ന് വ്യക്തമാക്കുമോ? | (എഫ്) | തുക തിട്ടപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**